**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ഡോ. അഫ്സൽ മുഹമ്മദ്, അസിസ്റ്റന്റ് സർജൻ- ശൂന്യവേതനാവധിയിലുള്ള പി.ജി പഠനം കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം: 1. മേലെഴുത്ത് നം. ഇ.ബി1- 31267/20/ആ.വ.ഡ തീയതി 05.06.2020
2. ഉത്തരവ് നം. എഫ്5-850/20/മെ.വി.വ തീയതി 05.06.2020

**ഉത്തരവ് നം. ഇ.എ2-555/2020/ആ.വ.ഡ തീയതി 08 .06.2020**

ശൂന്യവേതനാവധിയിൽ പി.ജി. പഠനത്തിൽ തുടരുന്ന അസിസ്റ്റന്റ് സർജനായ ഡോ. അഫ്സൽ മുഹമ്മദിന്റെ പഠന കാലയളവ് 07.06.2020 ന് അവസാനിക്കുന്നതിനാൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ. അഫ്സൽ മുഹമ്മദ്, അസിസ്റ്റന്റ് സർജനെ **ആലപ്പുഴ ചെട്ടിക്കാട് ആർ.എച്ച്.ടി.സിയിൽ** നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

പരാമർശം (2) ഉത്തരവ് പ്രകാരം ഡോ. അഫ്സൽ മുഹമ്മദിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ ലക്ചറർ തസ്തികയിൽ നിയമനം ലഭിച്ചിരിക്കുന്നതിനാൽ ടിയാനെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് വിടുതൽ ചെയ്യുന്നതിനുള്ള നടപടി **ആലപ്പുഴ** ജില്ലാ മെഡിക്കൽ ആഫീസർ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. അഫ്സൽ മുഹമ്മദ്, അസിസ്റ്റന്റ് സർജൻ

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം),
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്,
4. ഫയൽ/ കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

**സീനിയർ സൂപ്രണ്ട്**